(എഫ്) ഗ്രാൻറ് കൊടുക്കുന്നതു്, രോഗികളുടെ മാസം തോറുമുള്ള ശരാശരി എണ്ണത്തെ അടിസ്ഥാനമാക്കിയാണു്. രോഗികളുടെ എണ്ണം കുറയുന്നതനുസരിച്ചു ഗ്രാൻറും കുറയും. മരുന്നിൻറെ വില കൂടിയതുകൊണ്ടു് ചെലവു് വർദ്ധിച്ചിട്ടുണ്ടെന്നും, രോഗികളുടെ എണ്ണംനോക്കാതെ ഗ്രാൻറുകൂട്ടി കൊടുക്കണമെന്നും കണ്ണൻദേവൻകമ്പനി ആവശ്യപ്പെട്ടു. ഈക്കാര്യം ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീമതി റോസമ്മ പുന്നൂസ്: രോഗികൾ കൂടുതൽ ഇല്ലെങ്കിലും ഗ്രാൻറിനത്തിൽ ഇപ്പോൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടിയെടുക്കുമോ ?

ഡാക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

ശ്രീ. കെ. ഹസ്സൻ ഗനി: ഈ ഗ്രാൻറു സമ്പ്രദായം അലോപ്പതി ഡിസ്പെൻസറികൾക്കുമാത്രമേയുള്ളോ ; ഹോമിയോ വൈദ്യസമ്പ്രദായങ്ങൾക്കുമുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ: ആയുർവ്വേദ ഡിസ്പെൻസറികൾക്കും അനുവദിക്കുന്നുണ്ടു്.

ശ്രീ. ഇ. പി. പയലോസ്: ഗ്രാൻറു് ആരെങ്കിലും സ്വീകരിക്കാൻ ഇഷ്ടമില്ലെങ്കിൽ അതു സ്വീകരിപ്പിക്കാൻ നിർബ്ബന്ധിക്കേണ്ടതുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ: കണ്ണൻദേവൻ കമ്പനിക്കാർ, തോട്ടം തൊഴിലാളികൾക്കുവേണ്ടിയാണു് ആശുപത്രി നടത്തുന്നതു്. അവിടെ ഗവണ്മെൻറുവകയായി ഡിസ്പെൻസറി നടത്താൻ ബുദ്ധിമുട്ടുള്ളതുകൊണ്ടു് അവർക്കു് ഒരു ഗ്രാൻറു കൊടുക്കുന്നുണ്ടു്. അതു ഗ്രാൻറു, ഈ രോഗികൾ ഉണ്ടെങ്കിലേ കൊടുക്കൂ എന്നാണു് കരുതുന്നതു്. ഇപ്പോൾ മരുന്നിൻറു് വില കൂടിയതുകൊണ്ടു് അവർക്കു ഗ്രാൻറു കൂടുതൽ വേണമെന്നാവശ്യപ്പെട്ടിരിക്കുകയാണു്. അതിനെപ്പറ്റി ഗവണ്മെൻറു ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. പി. പയലോസ്: എൻറെ ചോദ്യം ; ഏതെങ്കിലും ഒരു ഡിസ്പെൻസറി ഗ്രാൻറു് ആവശ്യമില്ലെന്നു പറഞ്ഞാൽ അതു സ്വീകരിക്കണമെന്നു നിർബ്ബന്ധിക്കേണ്ട ആവശ്യമുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ: ഒരാൾക്കു് പണം വേണ്ടാ എന്നു പറഞ്ഞാൽ അതു അങ്ങനെ വിടാതെ സാധിക്കും.

ശ്രീമതി ലീലാദാമോദരമേനോൻ: മലബാർ പ്രദേശത്തു് ഡിസ്പെൻസ്സിക്കു് ബോർഡു് പ്രൈവറ്റു ഡിസ്പെൻസറികൾക്കു കൊടുത്തുവന്നിരുന്ന ഗ്രാൻറു് ഇനിയും തുടരുമോ ?

ഡാക്ടർ എ. ആർ. മേനോൻ: ഡിസ്പെൻസിക്കു് ബോർഡിൽ നിന്നും എടുത്ത ആശുപത്രികൾക്കെല്ലാം കൊടുക്കുന്നുണ്ടു്. ഗ്രാൻറു് ഇൻ എയ്ഡു് ആശുപത്രികളുടെയും, ഡിസ്പെൻസറികളുടെയും കാര്യം എന്താണു് വേണ്ടതെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ഡിസ്പെൻസിക്കുറു് ബോർഡിൻറെ കീഴിലുണ്ടായിരുന്ന ഡിസ്പെൻസറികളും, ആശുപത്രികളുമാണു് ഗവണ്മെൻറു് ഏറെറടുത്തതു്. അതിലെ ഉദ്യോഗസ്ഥന്മാരെയും ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരാക്കിയിട്ടുണ്ടു്.

പട്ടികജാതിക്കാരുടെ സഹകരണസംഘങ്ങൾക്കു് കൊടുത്ത ഗ്രാൻറു്.

*1296. [14] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1958-59 സാമ്പത്തികവർഷത്തിൽ പട്ടികജാതിക്കാരുടേതായ സഹകരണസംഘങ്ങൾക്കു് ഗ്രാൻറു കൊടുക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊടുത്തിട്ടുണ്ടെങ്കിൽ, ഏതെല്ലാം സംഘങ്ങൾക്ക്; എത്ര തുക വീതം കൊടുത്തു;

(സി) കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) കൊടുത്തു.

(ബി) മുപ്പതു സംഘങ്ങൾക്ക് 1,03,600 രൂപ കൊടുത്തു. വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് †മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: കൊടുത്തിട്ടുള്ള ഏറ്റവും വലിയ തുക എത്ര?

ശ്രീ. പി. കെ. ചാത്തൻ: അയ്യായിരം രൂപവരെ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞമ്പു: മലബാർ പ്രദേശത്ത് ഒരു സൊസൈറ്റിക്ക് അയ്യായിരം രൂപ കൊടുത്തതായിട്ട് കാണുന്നുണ്ട്.

ശ്രീ. പി. കെ. ചാത്തൻ: കൊടുത്തിട്ടുണ്ടായിരിക്കാം; അതിന്റെ വിവരം ഇതിൽ കാണുന്നില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: അയിത്തോച്ചാടനപ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിരിക്കുന്ന തുക സഹകരണസംഘങ്ങൾക്ക് അയിത്തോച്ചാടനപ്രവർത്തനം നടത്തുന്നതിനായി ഗ്രാന്റായി കൊടുക്കുന്നുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: അതു പരിശോധിച്ചാൽ മാത്രമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. കൃഷ്ണൻ: ഇതിനുമുമ്പ് ഗ്രാന്റിനു് അപേക്ഷിച്ചിരുന്ന സംഘങ്ങൾക്ക് കൊടുക്കാതെ, പുതുതായി സംഘങ്ങൾക്ക് ഗ്രാന്റ് കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: അതതുകാലത്തു സ്ഥാപിക്കുന്ന സംഘങ്ങൾക്ക് ഗ്രാന്റ് കൊടുക്കണമെന്നുള്ള അടിസ്ഥാനത്തിലാണ് പഴയ സംഘങ്ങളെ ഒഴിച്ചു വിട്ടിട്ടുള്ളത്. ഈവക സൊസൈറ്റികളും ഉള്ളിടത്ത് ഗ്രാന്റ് കൊടുക്കുന്നതിനു് വേണ്ട നടപടി എടുത്തുവരികയാണ്.

ശ്രീ. ടി. കൃഷ്ണൻ: ഈ സംഘങ്ങളും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ആരാണ്?

ശ്രീ. പി. കെ. ചാത്തൻ: രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലാണ് രജിസ്ട്രേഷൻ നടത്തുന്നത്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഈ സംഘങ്ങളിൽ ഹരിജനമെമ്പറന്മാർ മാത്രമാണോ, മറ്റുള്ളവർ ഉദ്യോഗസ്ഥന്മാരായുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: അംഗങ്ങളും ഉണ്ടായിരിക്കുകയില്ല; ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കാം.

ശ്രീ. ആർ. ശങ്കർനാരായണൻ നായർ: ഈ ഗ്രാന്റ് കൊടുക്കുന്നതു് കൃഷി അഭിവൃദ്ധിപ്പെടുത്താനാണോ; കടിൽവ്യവസായങ്ങൾക്കാണോ?

ശ്രീ. പി. കെ. ചാത്തൻ: ഇതിനു പ്രത്യേക നിബന്ധനയുണ്ട്. അതിൽ പറയുന്ന കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്താം.

ശ്രീ. ടി. കൃഷ്ണൻ: സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റും മുമ്പായി ഉദ്യോഗസ്ഥൻ ഉണ്ടോ?

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ചാത്തൻ : ഡിപ്പാർട്ടുമെന്റിൽ പ്രത്യേകം ഇൻസ്പെക്ടർ ഉണ്ടു് ; ആ ജോലി ചെയ്യാൻ.

ശ്രീ. ടി. കൃഷ്ണൻ : ഒരു സ്ത്രീയാണു് ആ ജോലി നടത്തുന്നതെന്നും, അവക്കു മിക്കവാറും എല്ലാ സ്ഥലത്തും ചെന്നെത്താനും ഈ സംബന്ധിച്ചു ജോലി നടത്താനും സാധിക്കുന്നില്ലെന്നുമറിയാമോ ?

ശ്രീ. പി. കെ. ചാത്തൻ : സ്ത്രീ ആയതുകൊണ്ടു് ശരിയായിട്ടു ജോലി ചെയ്യാൻ സാധിക്കുകയില്ല എന്നു പറയുന്നതു ശരിയല്ല. അങ്ങനെ ജോലി ശരിയായി നടത്തുന്നില്ല എന്ന പരാതിയും ഉണ്ടായിട്ടില്ല. നല്ല രീതിയിൽ അവരെക്കൊണ്ടു് ജോലി നടത്താൻ ശ്രമിക്കുന്നതാണു്.

സാക്ഷരതാ സാർവ്വത്രികമാക്കുന്നതിനുള്ള പദ്ധതി.

* 1297. [15] ശ്രീ. കെ. ശിവദാസൻ : താഴെ കാണുന്ന ചോദ്യത്തിനു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാക്ഷരതാ സാർവ്വത്രികമാക്കുന്നതിനും, തൊഴിലില്ലായ്മയ്ക്കു് ഒരു പരിഹാരമായിട്ടും നാട്ടിലെ എല്ലാ നിരക്ഷരരായ ആളുകളെയും സാക്ഷരരാക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

അതിനു പ്രത്യേകം ഒരു പദ്ധതിയുമില്ല. ആറു വയസ്സു മുതൽ പതിനൊന്നു വയസ്സുവരെ പ്രായമുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം നിർബ്ബന്ധിതവിദ്യാഭ്യാസപദ്ധതി ഇവിടെ നടപ്പാക്കിയിരിക്കുകയാണു്.

മുനിസിപ്പൽ ആതിത്തിയിലുള്ള സർക്കാർ വക ഭൂമി.

* 1298 [16] ശ്രീ. പി. ഗോവിന്ദപ്പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ ആതിത്തിയിലുള്ള സർക്കാർവക ഭൂമി പൊതു ആവശ്യങ്ങൾക്കായി മുനിസിപ്പാലിറ്റിക്കു് ഏറ്റുപിച്ചു കൊടുക്കുമോ ;

(ബി) കുത്തകപ്പാട്ടത്തിനു് സ്വകാര്യവ്യക്തികൾക്കു കൊടുത്തിട്ടുള്ള ഭൂമി തിരിച്ചെടുത്തു മുനിസിപ്പാലിറ്റികൾക്കു നൽകുന്ന പതിവുണ്ടോ ;

(സി) പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽനിന്നും മത്സ്യച്ചന്ത സ്ഥാപിക്കുന്നതിലേക്കു് ഒരു സ്വകാര്യവ്യക്തിയുടെ കൈവശമിരിക്കുന്ന കുത്തകപ്പാട്ടഭൂമി തിരിച്ചു വാങ്ങിത്തരണമെന്നു് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) മുനിസിപ്പൽ ആതിത്തിയിലുള്ള സർക്കാർ വക ഭൂമി പൊതു ആവശ്യത്തിനുവേണ്ടി മുനിസിപ്പാലിറ്റിയെ ഏറ്റുപിച്ചു കൊടുക്കുന്നുണ്ടു്.

(ബി) മുനിസിപ്പാലിറ്റികൾ ആവശ്യപ്പെട്ടാൽ, പൊതു ആവശ്യത്തിനാണെന്നു ബോദ്ധ്യപ്പെടുന്ന ഭൂമി അങ്ങനെ തിരിച്ചു് എടുക്കാറുണ്ടു്.

(സി) അപ്രകാരം ഒരപേക്ഷ ലഭിച്ചിരുന്നു. അതിൻപ്രകാരം, കുത്തകപ്പാട്ടക്കാരൻ ഭൂമി തിരിച്ചു കൊടുക്കണമെന്നു ഗവണ്മെന്റു് ഉത്തരവു കൊടുത്തിരിക്കുകയാണു്. എന്നാൽ, കുത്തകപ്പാട്ടക്കാരൻ ടി ഉത്തരവിന്റെ നിയമസാധുതയെപ്പറ്റി ഹൈക്കോടതിയിൽ റിട്ടു് പെറ്റിഷൻ കൊടുത്തിട്ടുള്ളതുകൊണ്ടു് ഉത്തരവു നടപ്പിലാക്കാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

*[Please see answer to Question No. * 1296 (14)]*

LIST

ഗ്രാൻഡ്--ഇൻ-എയിഡ് സ്കീമിൽ 14 സൊസൈറ്റികൾക്ക് ഗ്രാൻഡ് അനുവദിച്ചു.

	സൊസൈറ്റിയുടെ പേര്			തുക.
1.	പുല്ലറട കാളനി	തൃശ്ശൂർ	ശ്രീ.	1000
2.	കാട്ടൂർ സൊസൈറ്റി	,,		1000
3.	തോട്ടിപാൽ ,,	,,		1000
4.	മാനത്തല ,,	,,		1000
5.	എങ്ങാണ്ടിയൂർ ,,	,,		1000
6.	അയ്യന്തോൾ ,,	,,		1000
7.	പനച്ചേരി ,,	,,		1000
8.	പീച്ചകുളം ,,	,,		1000
9.	ഏലനാട് ,,	,,		1000
10.	തിരുവിലാമല ,,	,,		1000
11.	പാറ്റൂർ ,,	,,		1000
12.	ഇടപ്പിള്ളി ,,	,,		1000
13.	ആലത്തൂർ സൊസൈറ്റി	പാലക്കാട്		6000
14.	മാഞ്ഞപ്ര സൊസൈറ്റി	പാലക്കാട്		6000

സെൻട്രലി സ്പോൺസേർഡ് സ്കീമിൽ 8 സൊസൈറ്റികൾക്ക് ഗ്രാൻഡ് കൊടുത്തു. (മോഡൽ വെൽഫെയർ വില്ലേജ്)

1.	മാഞ്ഞപ്ര സൊസൈറ്റി		5000
2.	കളക്കോട് ,,		5000
3.	ഏറനാട് ,,		5000
4.	ചെറികാൽ ,,		5000
5.	മാവേലിക്കര ,,		5000
6.	പൂഞ്ഞാർ ,,		5000
7.	ഇടപ്പിള്ളി ,,		5000
8.	എരുമപ്പെട്ടി ,,		5000

റൂറൽ അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്കീമിൽ 8 സൊസൈറ്റികൾക്ക് ഗ്രാൻഡ് കൊടുത്തു.

	പേര്		തുക
1.	വെങ്ങേര സൊസൈറ്റി		ശ്രീ. 5000
2.	കുട്ടല ,,		5000
3.	മഞ്ചേരി ,,		5000
4.	പയ്യോളി ,,		5000
5.	അണ്ടത്തോട് ,,		5000
6.	കുമരനല്ലൂർ ,,		5000
7.	ആനമങ്ങാട് ,,		5000
8.	പാലക്കാട് സൊസൈറ്റി		4600

ഇപ്രകാരം 30 സൊസൈറ്റികൾക്ക് ആകെ 103600 രൂപ ഗ്രാൻഡിനത്തിൽ 1958-59-ൽ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly